

## നോമ്പ് നാലാം വ്യാഴം(ലൂക്കാ 5:12-16)

ഈശോയുടെ അനുകമ്പ നിറഞ്ഞ സ്നേഹമാണ് കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നതിലൂടെ നാം മനസ്സിലാക്കുന്നത്. ഈശോയുടെ മുൻപിൽ മുട്ടുകുത്തി "നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും"(മർക്കോ1:40) എന്നാണ് കുഷ്ഠരോഗി പ്രാർത്ഥിക്കുന്നത്. അവന്റെ വിശ്വാസം നിറഞ്ഞ യാചനയ്ക്കു മുമ്പിൽ ഈശോ അദ്ഭുതം പ്രവർത്തിക്കുന്നു. തന്റെ വചനത്തിലൂടെ ഈശോ കുഷ്ഠരോഗിയെ ശുദ്ധീക രിക്കുന്നു.

"നിങ്ങളുടെ വിശുദ്ധീകരണമാണ് ദൈവം അഭിലഷിക്കുന്നത്"(1 തെസ 4:3)എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകളും ഇത്തരുണത്തിൽ പ്രസക്തമാണ്. ഞങ്ങളുടെ പിതാക്കന്മാരെ തിരഞ്ഞെടുത്ത് വിശുദ്ധീകരിച്ച തുപോലെ ഞങ്ങളെയും അങ്ങയുടെ കരുണയാലുംദയയാലും രക്ഷിച്ച് വിശു ദ്ധീകരിക്കണമെന്ന് ജനം പ്രാർഥിക്കുന്നു (2 മക്ക 4:25). പാപപരിഹാരത്തി നായി ബലിവസ്തുക്കളെയും ബലിപീഠത്തെയും അതിനെ സ്പർശിക്കുന്നവ രെയും ശുദ്ധീകരിക്കാൻ ദൈവം ആവശ്യപ്പെടുന്നു (പുറ 29: 31-37).അതി നാൽ വചനങ്ങളിൽ നാം കാണുന്നതുപോലെ നാമെല്ലാം ആത്മീയമായി കുഷ്ഠരോഗികളും, അശുദ്ധരുമാണ്. നമുക്ക് സ്വയം ശുദ്ധീകരിക്കാൻ കഴിയി ല്ല. തന്മൂലം, വിശുദ്ധ കുർബാനയാകുന്ന തീക്കട്ടയെ സമീപിച്ച് വിശുദ്ധീകരി പ്പെടാൻ നമുക്കു വിശ്വാസത്തോടെ ദിവ്യസന്നിധിയിൽ അണയാം.

**തയ്യാറാക്കിയത്,**
**ഫാ.ജോസഫ് തോലാനിക്കൽ**
**24-03-2022**

**സീറോമലബാർആരാധനക്രമകമ്മീഷൻ**
**മൗണ്ട്സെന്റ്തോമസ്, കാക്കനാട്**
**Read more: wwwsyromalabarliturgy.org**